KRWSA മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിന് വേണ്ടി എക്സിക്യൂട്ടീവ് ഡയറക്ടറുടെ അധ്യക്ഷതയിൽ 03-06-23 തീയതിയിൽ നടന്ന യോഗത്തിന്റെ തീരുമാനങ്ങൾ

സ്ഥലം : PMU ഓഫീസ് , തിരുവനന്തപുരം

പങ്കെടുത്തവർ : PMU, RPMU ഉദ്യോഗസ്ഥർ

സമയം: 02.30 pm

1. സുസ്ഥിരതാ പദ്ധതി

Sustainibility Support to Community Managed Water Suppy Schemes എന്ന സംസ്ഥാന സർക്കാർ പദ്ധതി പ്രകാരം 2021 – 22 വരെ ഭരണാനുമതി ലഭിച്ച് പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുന്നതിനു വേണ്ടി ഏറ്റെടുത്ത സ്കീമുകളിൽ ഇനിയും പൂർത്തീകരിക്കുവാനുള്ളത് 28 പ്രവൃത്തികളാണ്. ഇതു സംബന്ധിച്ച് ജലനിധി വെബ് സൈറ്റിൽ നൽകിയിട്ടുള്ള വിവരങ്ങളും , പൂർത്തീകരണ തീയതിയും വിശദമായി ചർച്ച ചെയ്തു . എക്സിക്യൂട്ടീവ് ഡയറക്ടർ നൽകിയ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

| ക്രമനമ്പർ | പഞ്ചായത്ത് | പദ്ധതിയുടെ പേര് | തീരുമാനങ്ങൾ |
|---|---|---|---|
| 1 | മുത്തോലി | മുഴുവനാൽ കുന്ന് | 2 സമിതികളിലെയും പ്രവൃത്തികൾ 30/6/23നുള്ളിൽ തന്നെ പൂർത്തീകരിക്കുവാൻ കഴിയുന്നതാണെന്ന് യോഗം വിലയിരുത്തി.അതുപ്രകാരം ആക്ഷൻ പ്ലാനിലെ തീയതിയിൽ മാറ്റം വരുത്തി പ്രവൃത്തികൾ പൂർത്തീകരിക്കണം. |
| 2 | കുളത്തുപ്പുഴ | ഭാരതിപുരം | |
| 3 | കട്ടിപ്പാറ | ഐശ്വര്യ | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെൻറ് (GWD)ശുപാർശ ചെയ്തിട്ടുള്ള 4 .5 ഇഞ്ചിന്റെ ബോർവെൽ കുഴിക്കുന്നതിന് വഴി സൗകര്യം ഇല്ലാത്തതിനാൽ കരാറുകാരെ ലഭിക്കുന്നില്ല . ഈ സാഹചര്യത്തിൽ ടി സ്കീമിന് ബൾക്ക് വാട്ടർ ലഭ്യമാകുന്നതിനുള്ള സാധ്യതയുണ്ടോ എന്നു കൂടി RPMU പരിശോധിക്കണം. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മൂലം നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തികൾ നടപ്പിലാക്കുവാൻ കഴിയുന്നില്ല എങ്കിൽ ടി വിവരം ഗുണഭോക്തൃ സമിതി (BG) , GP എന്നിവരെ അറിയിച്ച് പ്രവൃത്തി drop ചെയ്യാവുന്നതാണ്. |
| 4 | കുറ്റിപ്പുറം | പാറകുന്ന് | ഈ പദ്ധതിക്ക് ബോർവെൽ നിർമ്മിക്കുന്നതിനായുള്ള ഭരണാനുമതിയാണ് ലഭിച്ചിരുന്നത് എന്നാൽ GWD നിർദേശപ്രകാരം ഇവിടെ ഓപ്പൺ വെൽ നിർമ്മിക്കേണ്ടി വന്നു. AS തുകക്കുള്ളിൽ നിന്ന് ടി സ്കീമിന്റെ മറ്റ് പ്രവൃത്തികൾ കൂടി പൂർത്തീകരിക്കാൻ കഴിയില്ല എന്ന് RPD അറിയിച്ചു. 23-24 സാമ്പത്തിക വർഷത്തെ |

| | | | |
|---|---|---|---|
| | | | പ്ലാനിൽ ബാക്കി പ്രവൃത്തികൾ ഉൾപ്പെടുത്തുവാൻ കഴിയുമോ എന്ന് പരിശോധിച്ച് DT തുടർ നടപടികൾ സ്വീകരിക്കണം. |
| 5 | പിരിയാരി | നവക്കോട് | ഗ്രാമപഞ്ചായത്ത് ഷെയർ ലഭ്യമാകാത്തതിനാലാണ് പദ്ധതി വൈകുന്നതെന്ന് RPD റിപ്പോർട്ട് ചെയ്തു. ഫണ്ട് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഗ്രാമപഞ്ചായത്തിനും , പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും കത്ത് നൽകിയിട്ടുണ്ടെങ്കിലും പരിഹാരമായിട്ടില്ല. കത്തിന്റെ പകർപ്പ് PMU – വിന് നൽകണം . ഫണ്ട് ലഭ്യമാക്കുന്നതിനുള്ള follow up നടപടികൾ സ്വീകരിക്കണം. |
| 6 | അഗളി | ചിറ്റൂർ | പദ്ധതിയുടെ ഗ്രാവിറ്റി ലൈനിന്റെ പ്രവൃത്തി നടത്തേണ്ടത് പഞ്ചായത്താണ്. ടി പ്രവൃത്തി പൂർത്തീകരിച്ച് ടാങ്കിൽ വെള്ളം എത്തിയാൽ മാത്രമേ സുസ്ഥിരതാ പദ്ധതി ഫണ്ട് ഉപയോഗിച്ച് മറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കഴിയുകയുള്ളു. ഗ്രാവിറ്റി ലൈനിന്റെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ follow up പ്രവർത്തനങ്ങൾ RPMU നടത്തണം. |

മേൽ സ്കീമുകളുടെ കാര്യത്തിലുള്ള പ്രത്യേക നിർദ്ദേശം ഉൾക്കൊണ്ടുകൊണ്ട് ആക്ഷൻ പ്ലാനിൽ നൽകിയിട്ടുള്ള തീയതികൾക്കകം പ്രവൃത്തികൾ പൂർത്തീകരിക്കണം.

**RPD ഇടുക്കി, മലപ്പുറം**

2. <u>അക്കൗണ്ട് സെറ്റിൽമെന്റ്</u>

സുസ്ഥിരതാ പദ്ധതി ( back log) സ്കീമുകളിൽ പൂർത്തീകരിച്ച 1058 പ്രവൃത്തികളിൽ 92 സ്കീമുകളുടെ അക്കൗണ്ട് സെറ്റിൽമെന്റ് ഇനിയും നടത്തേണ്ടതുണ്ട്. ആയത് താഴെ പറയും പ്രകാരമാണ് .

ഇടുക്കി RPMU – 41 സ്കീം.

മലപ്പുറം RPMU –48 സ്കീം.

കണ്ണൂർ RPMU – 3 സ്കീം.

അക്കൗണ്ട് സെറ്റിൽമെന്റ് നടപടി 30/6/23 – നുള്ളിൽ പൂർത്തീകരിക്കണം.

**AO ഇടുക്കി , മലപ്പുറം , കണ്ണൂർ**

FTK ഉപയോഗിച്ചുള്ള ജല ഗുണനിലവാര പരിശോധന

കുടുംബശ്രീ വോളണ്ടിയർമാരെ ഉപയോഗിച്ച് ജനപങ്കാളിത്തത്തോടെ ജല സ്രോതസുകളിലെ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്ന പദ്ധതിയാണിത് .

പരിശോധന നടത്തേണ്ട ആകെ സാമ്പിളുകൾ – 538914

പരിശോധന നടത്തിയത് – 434400 സാമ്പിൾ

ഡാറ്റ അപ് ലോഡ് ചെയ്തത് – 325789 സാമ്പിൾ

കണ്ണൂർ RPMU – 100% പരിശോധനയും ഡാറ്റ അപ് ലോഡിഗും പൂർത്തീകരിച്ചു. എന്നാൽ

ഇടുക്കി RPMU – 97% , മലപ്പുറം RPMU – 51% , PMU – 72% എന്നിങ്ങനെയാണ് പരിശോധനകൾ പൂർത്തീകരിച്ചിട്ടുള്ളത്.

മലപ്പുറം RPMU വിന് ഇക്കാര്യത്തിൽ പുരോഗതി കൈവരിക്കുവാൻ കഴിയാത്തത് യോഗം പ്രത്യേകം ചർച്ച ചെയ്തു . 30/6/23 – നുള്ളിൽ മുഴുവൻ സാമ്പിളുകളും പരിശോധിക്കുമെന്ന് മലപ്പുറം RPD ഉറപ്പ് നൽകി . PMU, ഇടുക്കി RPMU എന്നിവർ 30/6/23 – നുള്ളിൽ തന്നെ ടാർഗറ്റ് പൂർണ്ണമായും achieve ചെയ്യണമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശം നൽകി.

**RPD ഇടുക്കി, മലപ്പുറം.**

3. <u>ജലജീവൻ മിഷൻ പദ്ധതി</u>

ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 1,11,765 FHTC കൾ KRWSA മുഖേന നൽകുന്നതിനാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്. ഇതുവരെ 22422 FHTCകളും 3209 HTCയുമാണ് നൽകുവാൻ കഴിഞ്ഞിട്ടുള്ളത്. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള സ്ട്രാറ്റജിയും ആക്ഷൻ പ്ലാനും തെയ്യാറാക്കണം. ഇക്കാര്യം വിശദമായി ചർച്ച ചെയ്യുന്നതിന് 8/6/23 – ൽ പ്രത്യേക അവലോകനയോഗം ചേരുന്നതിന് തീരുമാനിച്ചു. അതോടൊപ്പം ജലജീവൻ മിഷൻ കരാറുകാരിൽ നിന്നും performance security വാങ്ങുന്നത് സംബന്ധിച്ച് കോടതിയുടെ നിലവിലുള്ള ഉത്തരവ് പ്രകാരം RPMU കൾ നടപടി സ്വീകരിക്കണം . കോടതി ഉത്തരവിന്റെ പകർപ്പ് PMU – വിൽ നൽകണമെന്ന നിർദ്ദേശം എക്സിക്യൂട്ടീവ് ഡയറക്ടർ മലപ്പുറം RPDക്ക് നൽകി.

<u>2022-23 സാമ്പത്തിക വർഷത്തെ പദ്ധതി പൂർത്തീകരണം</u>

4. <u>സുസ്ഥിരതാ പദ്ധതി</u>

പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ള 290 സ്കീമുകളിൽ 258 സ്കീമുകളുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.136 സ്കീമുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ RPMU വിന് കീഴിൽ അനുമതി ലഭിച്ചിരുന്ന 92 പ്രവൃത്തികളിൽ 59 എണ്ണം പൂർത്തീകരിച്ചു. 11 എണ്ണം വിവിധ കാരണങ്ങളാൽ ഡ്രോപ്പ് ചെയ്യപ്പെട്ടു. ബാക്കിയുള്ള 8 സ്കീമുകൾ 15/6/23 നുള്ളിലും 14 സ്കീമുകൾ 30 /6/23 നുള്ളിലും പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കി. എന്നാൽ മറ്റ് 2 RPMU കൾക്ക് കൃത്യതയോടെ സമയക്രമം നൽകുവാൻ കഴിഞ്ഞില്ല. ഏറ്റെടുത്ത പ്രവർത്തികൾ 2023 ജൂലൈ മാസത്തിനുള്ളിൽ പൂർത്തീകരിക്കണമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ RPD മാർക്ക് നിർദ്ദേശം നൽകി.അതുപ്രകാരമുള്ള വിവരങ്ങൾ വെബ് സൈറ്റിൽ 3 Rpmu-കളും upload ചെയ്യണം.

**RPD ഇടുക്കി, മലപ്പുറം, കണ്ണൂർ**

5. <u>മഴവെള്ള സംഭരണി നിർമ്മാണം</u>

ആകെയുള്ള 789 യൂണിറ്റുകളിൽ 424 എണ്ണമാണ് പൂർത്തീകരിച്ചത്.ഉളിക്കൽ പഞ്ചായത്തിലെയും ( GWR ) വാത്തിക്കുടി പഞ്ചായത്തിലെയും ( community RWH ) പ്രവൃത്തികൾ വിവിധ കാരണങ്ങളാൽ ഡ്രോപ്പ് ചെയ്യേണ്ടി വരുമെന്ന് RPD മാർ അറിയിച്ചു. ഇക്കാര്യം ഗ്രാമപഞ്ചായത്തുകളെ അറിയിച്ച് തുടർനടപടികൾ സ്വീകരിക്കണമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശിച്ചു. പൂർത്തീകരിക്കുവാനുള്ള യൂണിറ്റുകൾ 2023 ജൂലൈ മാസത്തിനുള്ളിൽ പൂർത്തീകരിക്കണം. കരാറുകാർ ആവശ്യപ്പെടുന്ന പക്ഷം ബാങ്കിൽ നൽകേണ്ട ആവശ്യത്തിലേക്കായി മാത്രം അഡ്മിറ്റ് ചെയ്ത ഫൈനൽ ബിൽ തുക സംബന്ധിച്ച വിവരം സൂക്ഷ്മ പരിശോധന നടത്തിയതിന് ശേഷം നൽകുന്നതിന് RPD മാരെ അനുവദിച്ചു.

6. <u>ഗ്രേ വാട്ടർ മാനേജ്മെന്റ്</u>

ഈ പദ്ധതിയിൽ ഉൾപ്പെടുത്തി എടവക , നൂൽപുഴ ഗ്രാമപഞ്ചായത്തുകളിലെ 2 ട്രൈബൽ ഹോസ്റ്റലുകളിൽ (മോഡൽ റസിഡൻഷ്യൽ സ്കൂൾ ) പദ്ധതി നടപ്പിലാക്കുന്നതിന് വിഭാവനം ചെയ്തിരുന്നു.നൂൽപുഴ പഞ്ചായത്തിലെ പദ്ധതി പൂർത്തീകരിച്ചു.എടവക പഞ്ചായത്തിലെ പ്രവൃത്തികൾ പുരോഗമിക്കുന്നു. എന്നാൽ കാന്തല്ലൂർ, മറയൂർ ഗ്രാമപഞ്ചായത്തുകളിലെ ദുർബല വിഭാഗത്തിലുള്ളവർ താമസിക്കുന്ന കോളനികളിൽ നടപ്പിലാക്കുന്ന 2 പദ്ധതികളിൽ മറയൂർ പഞ്ചായത്തിലെ പ്രവൃത്തി മാത്രമേ പുരോഗമിക്കുന്നുള്ളൂ. കാന്തല്ലൂർ പഞ്ചായത്തിൽ വിവിധ കാരണങ്ങളാൽ പദ്ധതി നടപ്പിലാക്കുവാൻ കഴിയാത്ത അവസ്ഥയുണ്ട്.ടി പഞ്ചായത്തിലെ പ്രവൃത്തി ഗ്രാമപഞ്ചായത്തിനെ അറിയിച്ചതിന് ശേഷം ഡ്രോപ്പ് ചെയ്യാവുന്നതാണെന്ന് തീരുമാനിച്ചു.

**RPD ഇടുക്കി , കണ്ണൂർ**

7. <u>ഗാർഹിക കിണറുകളെ സുസ്ഥിര സ്രോതസ്സാക്കുന്ന പ്രവൃത്തി</u>

ആകെയുള്ള 531 യൂണിറ്റുകളിൽ 263 യൂണിറ്റുകളുടെ പ്രവൃത്തിയാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഇനിയും 268 എണ്ണം പൂർത്തീകരിക്കേണ്ടതുണ്ട്. ആയത് താഴെ പറയും പ്രകാരമുള്ള സമയക്രമത്തിൽ പൂർത്തീകരിക്കുമെന്ന് RPDമാർ അറിയിച്ചു.

ഇടുക്കി RPMU – 2023 ജൂലൈ – 129

മലപ്പുറം RPMU - 2023 ജൂലൈ – 110 nos

കണ്ണൂർ RPMU - 2023 ജൂൺ – 29 nos

8. <u>WQMS</u>

വെള്ളത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള water quality mitigation measures-ൻറെ 102 യൂണിറ്റുകൾ കുടിവെള്ള വിതരണ പദ്ധതികളിൽ

ഇൻസ്റ്റാൾ ചെയ്യുന്നതിനാണ് ഭരണാനുമതി ലഭിച്ചിരുന്നത്. ഇതിൽ 31 യൂണിറ്റുകൾ മാത്രമാണ് ഇൻസ്റ്റാൾ ചെയ്തിട്ടുള്ളത്.പൂർത്തീകരിക്കുവാനുള്ള യൂണിറ്റുകൾ കണ്ണൂർ , ഇടുക്കി RPMU കൾ 2023 ജൂൺ മാസത്തിലും മലപ്പുറം RPMU 2023 ജൂലൈ മാസത്തിലും പൂർത്തീകരിക്കുമെന്ന് RPDമാർ അറിയിച്ചു.

2022-23 പദ്ധതിയിൽ ഉൾപ്പെട്ട മേൽ പറഞ്ഞ എല്ലാ പ്രവൃത്തികളും ജൂൺ , ജൂലൈ മാസങ്ങളിൽ പൂർത്തീകരിക്കണം.രണ്ടാഴ്ച്ച കൂടുമ്പോൾ അവലോകനം ചെയ്യാവുന്ന വിധം ഇക്കാര്യത്തിലുള്ള Target & Achievements വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യണമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ RPD മാർക്ക് നിർദ്ദേശം നൽകി.

വിവിധങ്ങളായ പദ്ധതികളുടെ അവലോകന യോഗത്തിന് ശേഷം താഴെ പറയുന്ന നിർദ്ദേശങ്ങൾ എക്സിക്യൂട്ടീവ് ഡയറക്ടർ നൽകി

- ഏതൊരു പദ്ധതിയും നടപ്പിലാക്കുമ്പോൾ അത് അന്തിമ ഗുണഭോക്താവിന് ഗുണം ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കണം.അത്തരത്തിലുള്ള പദ്ധതികൾ മാത്രം നടപ്പിലാകുന്നതിനു ശ്രദ്ധിക്കണം.
- സമൂഹത്തിന് യഥാർത്ഥത്തിൽ ആവശ്യമുള്ളതും ശാസ്ത്രീയ അടിത്തറയുള്ളതും യുക്തി ഭദ്രവുമായ പദ്ധതികൾ വേണം സമൂഹത്തിന്റെ ഫീഡ് ബാക്ക് എടുത്തതിന് ശേഷം ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ.
- കുടിവെള്ള ശുചിത്വ മേഖലയിലും , അനുബന്ധ മേഖലയിലും പ്രവർത്തിക്കുന്ന അനുഭവ പാരമ്പര്യമുള്ള മറ്റ് ഏജൻസികളുമായി സംയോജിച്ച് അവരുടെ അറിവും കഴിവും കൂടി വിനിയോഗിച്ച് പദ്ധതികൾ ഗുണപ്രദമായി നടത്തുന്നതിന് തെയ്യാറാകണം .
- മലപ്പുറം, ഇടുക്കി റീജിയണൽ യൂണിറ്റുകളിൽ 2023 ജൂൺ മാസത്തിൽ റിവ്യൂ മീറ്റിംഗ് , ഫീൽഡ് വിസിറ്റ് എന്നിവ നടത്തുന്നതാണ്. ആയതിന്റെ സമയക്രമം അറിയിക്കുന്നതാണ്
- ആക്ഷൻ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള തീയതികൾക്കുള്ളിൽ തന്നെ എല്ലാ പ്രവൃത്തികളും പൂർത്തീകരിക്കണം.
- രണ്ടാഴ്ചയിലൊരിക്കൽ പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നതിനുള്ള യോഗങ്ങൾ ചേരുന്നതാണ്.

അവലോകന യോഗം വൈകിട്ട് 5 മണിക്ക് സമാപിച്ചു .

08-06-23

എക്സിക്യൂട്ടീവ് ഡയറക്ടർ